# കോളേജ് വിദ്യാഭ്യാസ വകുപ്പ്
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റുമാരെ സ്ഥലം മാറ്റിയും ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉത്തരവ് നമ്പർ :സി 2/7149/2016/കോ.വി.വ തീയതി: 30.12.2016

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 30.12.2016 തീയതിയിലെ സി 2/17124/2016/കോ.വി.വ നമ്പർ ഉത്തരവ്.

## ഉത്തരവ്

കുളത്തൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ ഹെഡ് അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എസ്.സുനിൽ കുമാറിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഇപ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് താഴെ പറയും പ്രകാരം ഹെഡ് അക്കൗണ്ടന്റുമാരെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീമതി.വി.ഇന്ദു,<br>ഗവൺമെന്റ് കോളേജ്, നാദാപുരം | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കുളത്തൂർ |
| 2. | ശ്രീ.ബിജു ബാബു,<br>രാജീവ് ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, അട്ടപ്പാടി | ഗവൺമെന്റ് കോളേജ്, നാദാപുരം |

മേൽ സൂചിപ്പിച്ച പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിൽ വന്ന ഒഴിവിൽ സീനിയർ ക്ലാർക്കുമാരുടെ മുൻഗണനാപട്ടിക അനുസരിച്ച് മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ സീനിയർ ക്ലാർക്ക്, ശ്രീ.എം.എൻ.സന്തോഷ്കുമാറിനെ 27800-59400/- രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകി അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റം / സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി നിയമനം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും സ്ഥാപന മേധാവികൾ വിവരം യഥാസമയം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiateedu.kerala.gov.in - ൽ ലഭ്യമാണ്.

ഒപ്പ്/-
റ്റി.വി.കൃഷ്ണകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) ബന്ധപ്പെട്ട ജീവനക്കാർക്ക്,
2) സ്ഥാപന മേധാവികൾക്ക്
3) കരുതൽ ഫയൽ
4) നടപ്പു ഫയൽ

//അംഗീകാരത്തോടെ//

010403